നം.കെ.എസ്.എ.പി.റ്റി.എ.പി8/1117/2017 തീയതി:3.10.2017

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01.01.2017മുതൽ 13.08.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 14.08.2017 മുതൽ 22.08.2017 വരെ | ശ്രീ. രമണൻ എസ്, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി വീണ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. റെനി സനിൽ | 1.4.2016മുതൽ 31.3.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. എസ്സ് പ്രഫുല്ല ചന്ദ്രൻ<br>ശ്രീ. കിരൺചന്ദ് എസ്സ് ഡി,ഹെഡ് ക്ലാർക്ക്(സെക്രട്ടറി ഇൻ ചാർജ്ജ്)<br>ശ്രീ. രാജഗോപാൽ എസ്സ് ,സെക്രട്ടറി ഇൻ ചാർജ്ജ്<br>ശ്രീ. ജയകുമാർ എം,അസിസ്റ്റന്റ് സെക്രട്ടറി,<br>സെക്രട്ടറി ഇൻ ചാർജ്ജ്)<br>ശ്രീ. സന്ദീപ് ജേക്കബ്,സെക്രട്ടറി<br>ശ്രീ. കെ വി രാധാകൃഷ്ണൻ നായർ,അസിസ്റ്റന്റ് സെക്രട്ടറി | 1.4.2016 മുതൽ 20.06.2016 വരെ<br>21.06.2016 മുതൽ 03.08.2016 വരെ<br>04.08.2016 മുതൽ 16.08.2016 വരെ<br>17.08.2016 മുതൽ 29.12.2016 വരെ<br>30.12.2016 മുതൽ 15.03.2017 വരെ<br>16.03.2017 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്- 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016 -17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

സൂചിക


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം-1 | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകന വിവരങ്ങൾ | 1-5 |
| 6 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം-2 | |
| 11 | വസ്തുനികുതി - അസസ്മെന്റ് രജിസ്റ്ററും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 2-1 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 13 | യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കുന്നില്ല | 2-3 |
| 14 | എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 |
| 15 | പരസ്യ നികുതി പിരിക്കുന്നില്ല | 2-5 |
| | ഭാഗം-3 | |
| 16 | അസിസ്റ്റന്റ് സെക്രട്ടറിനിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 17 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 3-2 |
| 18 | പാലിയേറ്റീവ് കെയർ രോഗികൾക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയില്ല | 3-3 |
| 19 | വീട് പുനരുദ്ധാരണം പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയില്ല | 3-4 |

| | | |
|---|---|---|
| 20 | കള്ളുസ് നിർമ്മാണം പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയില്ല | 3-5 |
| 21 | ഗ്രാമകേന്ദ്രം സ്ഥാപിക്കൽ- ബോർഡ് മാത്രം സ്ഥാപിച്ചു | 3-6 |
| 22 | ചേറ്റുതടം സാംസ്കാരിക നിലയം-അധികൃതരുടെ അനാസ്ഥമൂലം ഉപയോഗശൂന്യമായ നിലയിൽ | 3-7 |
| 23 | പി എം എ വൈ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-8 |
| 24 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-9 |
| 25 | വെള്ളക്കരം | 3-10 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 27 | മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ | 3-12 |
| | ഭാഗം-4 | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബഡ്ജറ്റ്

2016-17വർഷത്തെ ബഡ്ജറ്റ് 29.02.2016-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതിയുടെ 01.03.2016-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 395721 | 1017761 | 622040 | | |
| വരവ് | 42663701 | 33416531 | | 9247170 | |
| ആകെ | 43059422 | 34434292 | | 8625130 | |
| ചെലവ് | 42751507 | 30168508 | | 12582999 | |
| നീക്കിയിരിപ്പ് | 307915 | 4265784 | 3957869 | | |

ബഡ്ജറ്റ്പ്രകാരമുള്ള വരവ്, ചെലവ് കണക്കുകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. യാഥാർത്ഥ്യ ബോധത്തോടെയല്ല ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 07.07.2017 |

# 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 1017761 |
| വരവ് | 33416531 |
| ആകെ | 34434292 |
| ചെലവ് | 30168508 |
| നീക്കിയിരിപ്പ് | 4265784 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6039505 | 6039505 | 5953267 | 86238 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4257147 | 4257147 | 2676317 | 1580830 |
| വികസന ഫണ്ട് (ടി. എസ്.പി) | 0 | 10086 | 10086 | 3300 | 6786 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2396184 | 2396184 | 1795681 | 600503 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2554755 | 2554755 | 2547270 | 7485 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3387354 | 3387354 | 3383922 | 3432 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1773723 | 1773723 | 898000 | 875723 |
| എൻ ആർ ഇ ജി എസ് | 25222 | 415487 | 440709 | 433738 | 6971 |

# 1-5 പദ്ധതി അവലോകന വിവരങ്ങൾ

(എ) പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *വർഷം* | *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *ഭാഗികമായി നടപ്പാക്കിയത്* | *നടപ്പാക്കാത്തവ* | *പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം* |
|---|---|---|---|---|---|---|---|
| 2016-17 | 100 | 32939055 | 73 | 19448881 | 1 | 27 | 73 |

(ബി) പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പേരിന് മാത്രം കൂടുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതികൾ സംബന്ധിച്ച് ചർച്ചകൾ ഒന്നും നടക്കുന്നില്ലെന്ന് മിനിട്ട്സ് ബുക്കുകൾ വ്യക്തമാകുന്നു. ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.
2. റോഡ് റീ കോൺക്രീറ്റിംഗ് പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ എസ്റ്റിമേറ്റിൽ റോഡുകൾ എത്ര വർഷം പഴക്കമുള്ളവയാണെന്ന് വ്യക്തമാക്കുന്നില്ല.
3. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അവസാനം വരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ച തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു.
4. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
5. അങ്കണവാടികളിൽനിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
6. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ

നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-6 പദ്ധതി നിർവ്വഹണ വിവരങ്ങൾ

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 13 | 4355612 | 11 | 1463326 | 33.6 |
| സേവനം | 55 | 18252764 | 40 | 14135204 | 77.44 |
| പശ്ചാത്തലം | 32 | 10330679 | 22 | 3850351 | 37.27 |
| ആകെ | 100 | 32939055 | 73 | 19448881 | 59.05 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 20 | 5356855 | 4209477 | 78.58 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 2767046 | 2467275 | 89.17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 37 | 17 | 12696639 | 3040334 | 23.95 |
| വി.ഇ.ഒ | 4 | 4 | 5082147 | 5023747 | 98.85 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 6 | 5 | 851000 | 676000 | 79.44 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 2617311 | 2182822 | 83.4 |
| കൃഷി ഓഫീസർ | 4 | 4 | 1019157 | 989726 | 97.11 |
| വെറ്ററിനറി സർജൻ | 8 | 7 | 2163000 | 473600 | 21.9 |
| എച്ച്.എം, ഗവ. എൽപിഎസ് | 1 | 1 | 85900 | 85900 | 100 |
| ആകെ | 100 | 73 | 32939055 | 19448881 | 59.05 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി | 2683726 | 3423082 | 739356 | 27.55 |

| | | | | |
|---|---|---|---|---|
| വരവുകൾ | | | | |
| നികുതിയേതര വരവുകൾ | 339788 | 322284 | -17504 | -5.15 |
| മറ്റ് വരവുകൾ | 650912 | 762799 | 111887 | 17.19 |
| ആകെ | 3674426 | 4508165 | 833739 | 22.69 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പെൻഷൻ ഇനം | 2016-17ൽ ലഭിച്ച അപേക്ഷകൾ | പെൻഷൻ അനുവദിച്ചത് | 45 ദിവസത്തിനകം തീരുമാനമെടുത്തവ | 45 ദിവസം മുതൽ 1 വർഷം വരെ വൈകിയവ |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 5 | 3 | 0 | 2 |
| 2 | വിധവാ പെൻഷൻ | 84 | 51 | 51 | 33 |
| 3 | വികലാംഗ പെൻഷൻ | 12 | 12 | 12 | 0 |
| 4 | വാർദ്ധക്യകാല പെൻഷൻ | 479 | 355 | 0 | 124 |
| 5 | അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 0 | 0 | 0 | 0 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2017-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 14977 /- (പതിനാലായിരത്തി തൊള്ളായിരത്തി എഴുപത്തിയേഴ് രൂപാ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2017 | 2017 ഏപ്രിൽ മുതൽ മെയ് വരെ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.04.2008 | 1997-98 മുതൽ 2007-08 വരെ | 20.06.2008 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി - അസസ്സ്മെന്റ് രജിസ്റ്ററും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ വസ്തുനികുതി സംബന്ധിച്ച അസസ് മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളും സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകളും തമ്മിൽ സാരമായ വ്യത്യാസം കാണുന്നു. 2014-15ലും, 15-16ലും നികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളും സഞ്ചയയിൽ ഉൾപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ പാസ്റ്റ് ഡേറ്റാ എൻട്രി നടത്തിയതിലും അപാകത സംഭവിച്ചിട്ടുണ്ട്. റോഡുകളുടെ വിവരം, കെട്ടിടത്തിന്റെ ഉപയോഗക്രമം, വിസ്തീർണ്ണം എന്നിവയിലും കണക്കാക്കിയ നികുതിയിലും ഈ വ്യത്യാസത്തിന് സാധ്യതയുണ്ട്. ഇത്തരം അപാകതകൾ മൂലം പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. അപാകതകൾ കണ്ടെത്തി പരിഹരിച്ച് പഞ്ചായത്തിന്റെ വരുമാനചോർച്ച പരിഹരിക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പോസ്റ്റ് ഓഫീസ്,വെണ്ണിക്കുളം | 2016-17 രണ്ടാം അർദ്ധവർഷം |
| പോസ്റ്റോഫീസ് ,മുണ്ടമല | 2016-17 ഒന്ന് ,രണ്ട് അർദ്ധവർഷങ്ങൾ |
| മാവേലി സ്റ്റോർ ,വെണ്ണിക്കുളം | 2016-17 ഒന്ന് ,രണ്ട് അർദ്ധവർഷങ്ങൾ |

ഓഡിറ്റ് എൻക്വയറിക്ക് (നം.7/21.08.2017) മറുപടിയായി സണ്ണീസ് ഹെൽത്ത് കെയർ സെന്റർ,വെണ്ണിക്കുളം എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി എൻക്വയറിയുടെ അടിസ്ഥാനത്തിൽ ഈടാക്കി എന്നും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

റിട്ടേൺ പ്രകാരമുള്ള അർദ്ധവാർഷികവരുമാനപ്രകാരം അടയ്ക്കേണ്ടതിലും കുറവായി തൊഴിൽനികുതി അടവാക്കിയിരുന്ന ശ്രീമതി.ഷീജ.കെ .ആർ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്,പുറമറ്റം, ശ്രീ.എം.എൽ.ശ്രീധരൻ നായർ, പി.ഡബ്ല്യ.ഡി. റോഡ്സ് സെക്ഷൻ, ശ്രീ.ശിവപ്രസാദ്.കെ.എം , എസ്.ബി.റ്റി. വെണ്ണിക്കുളം എന്നിവരിൽ നിന്ന് ഓഡിറ്റ് എൻക്വയറി (നം.7/21.08.2017) ന്റെ അടിസ്ഥാനത്തിൽ അർദ്ധവാർഷികവരുമാനത്തിന് ആനുപാതികമായ തുക തൊഴിൽനികുതിയിനത്തിൽ ഈടാക്കിയിട്ടുണ്ട്. സ്ഥാപന മേധാവി നൽകുന്ന അർദ്ധവാർഷികവരുമാനപത്രിക പരിശോധിച്ച് എല്ലാ ജീവനക്കാരിൽ നിന്നും കൃത്യമായ തൊഴിൽനികുതി ഈടാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 18-ാം ചട്ട പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കാമെന്നിരിക്കെ ഇപ്രകാരം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്ന് ഡി & ഒ ലൈസൻസിനുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കാൻ നടപടി

എടുക്കേണ്ടതാണ്.

| സ്ഥാപനം | അപേക്ഷ പ്രകാരം ഉപയോഗിക്കുന്ന മോട്ടോർ |
|---|---|
| വെൽഡിങ്ങ് വർക്ക്ഷോപ്പ്,വെണ്ണിക്കുളം | 2000 കി.വാട്സ് |
| എ.ആർ.എഞ്ചിനീയറിങ്ങ് വർക്ക്സ് ,വെണ്ണിക്കുളം | 4 എച്ച്.പി. |
| മനോജ് എഞ്ചിനീയറിങ്ങ് വർക്ക്സ് | 4എച്ച്.പി. |

## 2-4 എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരുടെ എണ്ണം അപേക്ഷകളിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട് എന്ന് പഞ്ചായത്ത് ഉറപ്പാക്കുന്നില്ല. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ നിന്ന് അർദ്ധവാർഷിക വരുമാനം സംബന്ധിച്ച് റിട്ടേണുകൾ സമർപ്പിക്കുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ഡി&ഒ ലൈസൻസിനുള്ള അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|
| ആഷിക് എന്റർപ്രൈസസ്സ്, വെണ്ണിക്കുളം | 15 |
| ഫ്രണ്ട്സ് കേറ്ററിംഗ്, പുറമറ്റം | 5 |
| കൈരളി കറിപൗഡർ യൂണിറ്റ്, പുറമറ്റം | 5 |
| കൃപ സിമിന്റ് പ്രൊഡക്ട്സ്, വെണ്ണിക്കുളം | 5 |
| ഗോൾഡൻ ഡിസൈനർ ടൈൽസ്, വെണ്ണിക്കുളം | 5 |
| സെന്റ് തോമസ്സ് സോ മിൽ, വെണ്ണിക്കുളം | 4 |
| തൃപ്തി പലഹാരം, വള്ളംകുളം | 3 |
| ഗാലക്സി ഫ്ലക്സ് പ്രിന്റിങ്ങ്, വെണ്ണിക്കുളം | 3 |
| ബെസ്റ്റ് ഓവൻ, വെണ്ണിക്കുളം | 3 |
| മുള്ളൻകുഴിയിൽ സർവ്വീസ്സ് സ്റ്റേഷൻ, നാരകത്താനി | 2 |
| വി ആന്റ് ബി കാറ്ററിംഗ് സർവ്വീസ്സ്, വെണ്ണിക്കുളം | 2 |
| പുത്തൻപീടികയിൽ മെഡിക്കൽ സ്റ്റോർ, വെണ്ണിക്കുളം | 2 |

ഒരു സ്ഥാപനത്തിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ വിവരം സംബന്ധിച്ച രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കാൻ പഞ്ചായത്തിന് ആവശ്യപ്പെടാവുന്നതാണെന്ന് നിയമത്തിലും ചട്ടങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള മേൽ സൂചിത ലിസ്റ്റിലേതുൾപ്പടെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ കൃത്യമായ വിവരം ശേഖരിച്ച് നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ.(നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5 ലെ മാതൃകയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 2-5 പരസ്യ നികുതി പിരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് പഞ്ചായത്ത് കമ്മറ്റി അംഗീകാരം നൽകേണ്ടതും പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു നടപടി സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിൽ കൂടി കടന്നു പോകുന്ന വിവിധ റോഡുകളുടെ വശങ്ങളിലും വെണ്ണിക്കുളം, പുറമറ്റം എന്നിവിടങ്ങളിലും ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

| പദ്ധതിയുടെ പേര് | എസ്സ്.സ്സി.കുടുംബങ്ങൾക്ക് കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ പദ്ധതി |
|---|---|
| അടങ്കൽ | 256960/-(വികസനഫണ്ട്-എസ് സി പി) |
| ചെലവ് | 114000/- |
| ബിൽ നമ്പർ,തീയതി,തുക | 8/16-17 - 13.03.2017 - 42000/-<br>13/16-17 - 21.03.2017 - 30000/-<br>14/16-17 - 31.03.2017 - 30000/-<br>18/16-17 - 31.03.2017 - 12000/- |

2016-17 സാമ്പത്തികവർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്സ്.സ്സി.കുടുംബങ്ങൾക്ക് കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ പദ്ധതിയിൽ(S0108/17) 42 പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത പദ്ധതിപ്രകാരം 19 ഗുണഭോക്താക്കൾക്ക് 6000/- രൂപാ നിരക്കിൽ നല്കിയതിന് ആകെ 114000/-രൂപ ചെലവഴിച്ചിട്ടുണ്ട്.പദ്ധതി മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(എം.എസ്സ്.)4/2016 ത.സ്വ.ഭ.വ തീയതി.11.01.2016) ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്കാണ് സബ്സിഡി തുക നൽകേണ്ടത്. എന്നാൽ ഈ പദ്ധതിയിലെ ഗുണഭോക്താക്കൾ ആരും തന്നെ ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.മതിയായ രേഖകളുടെ അഭാവത്തിൽ ഗാർഹിക കണക്ഷൻ സബ്സിഡി അനുവദിച്ച നടപടി

ക്രമപ്രകാരമല്ല. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് വരെ ചെലവഴിച്ച 114000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേര്/ നമ്പർ | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ / S0063/17 |
| അടങ്കൽ (മെയിന്റനസ് ഫണ്ട് -റോഡിതരം) | 300000/- |
| ചെലവ് | 300000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ആയുർവേദ മെഡിക്കൽ ഓഫീസർ |

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ആയുർവേദ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ എന്ന പദ്ധതി (S0063/17) പ്രകാരം 300,000/-രൂപ (ഡി.ഡി.നമ്പർ.786744/22.11.2016) ഔഷധിയിൽ നല്കിയിട്ടുണ്ട്. ഔഷധിയിൽ നിന്നുമുള്ള ഇൻവോയ്സ്സുകൾ പ്രകാരം 287621/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. 90029089/ 09.08.2017 പ്രകാരം കൊട്ടംചുക്കാദി ചൂർണ്ണം (200 ഗ്രാം) 18 പായ്ക്കറ്റ് കുറവായാണ് ലഭ്യമായിരിക്കുന്നത്. അതായത് ഈ ഇൻവോയ്സ് പ്രകാരം (18*53) 954 രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. അപ്രകാരം ഗവ. ആയുർവേദ ഡിസ്പെൻസറിയിക്ക് ലഭിക്കാനുള്ള 13333/- (954+12379) രൂപയുടെ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടികൾ മെഡിക്കൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-3 പാലിയേറ്റീവ് കെയർ രോഗികൾക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയില്ല

പി.എച്ച്,സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിയിൽ രോഗികൾക്ക് മരുന്നും പാലിയേറ്റീവ് ഉപകരണങ്ങളും വാങ്ങാനായി 21/03/2017-ലെ ബിൽ നമ്പർ 7/ 16-17 പ്രകാരം ട്രഷറിയിൽനിന്നും പിൻവലിച്ച 218260/- രൂപയിൽ 100000/-രൂപ മരുന്ന് വാങ്ങുന്നതിനായി കേരളാ മെഡിക്കൽ സർവീസസ്സ് കോർപ്പറേഷനും 16260/-രൂപാ ഡയപ്പറുകൾക്കായി മെഡിപാർക്ക്, പത്തനംതിട്ട എന്ന സ്ഥാപനത്തിനും 102000/- രൂപ വാഹനവാടക, ഭക്ഷണം, പാലിയേറ്റീവ് നഴ്സിന്റെ വേതനം എന്നിവയ്ക്കായും നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകളും ഡയപ്പറുകളും ഇതുവരെ ലഭ്യമായിട്ടില്ല. മരുന്നുകളും ഉപകരണങ്ങളും എത്രയും വേഗം ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-4 വീട് പുനരുദ്ധാരണം പൂർത്തിയാക്കിയില്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേര്/ നമ്പർ | വീട് പുനരുദ്ധാരണം/S0111/17 |
| അടങ്കൽ (വികസന ഫണ്ട്) | 1950000 |
| ചെലവ് | 1900000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

ജനറൽ വിഭാഗത്തിൽപ്പെട്ട 78 കുടുംബങ്ങൾക്ക് വീട് പുനരുദ്ധാരണം നടത്തുന്നതിന് ധനസഹായം നൽകുന്നതാണ് ഈ പ്രൊജക്ട്. ടി പ്രൊജക്ട് പ്രകാരം വീട് പുനരുദ്ധാരണം തുടങ്ങിയെങ്കിലും 4 ഗുണഭോക്താക്കൾ വീടുകളുടെ പുനരുദ്ധാരണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക | ബാങ്ക് നമ്പർ |
|---|---|---|---|
| 1 | ശ്രീ.ജോസഫ് കുഞ്ഞോൻ,<br>കണ്ണാട്ടിൽ, പുറമറ്റം | 12500/- | 67199836198 എസ്.ബി.റ്റി. ഇരവിപേരൂർ |
| 2 | ശ്രീ.ഒ.പി.കുഞ്ഞുമോൻ, ഉമിക്കുന്നിൽ, പുറമറ്റം | 12500/- | 11690100073555 ഫെഡറൽ ബാങ്ക്, പുറമറ്റം |
| 3 | ശ്രീമതി.രാജമ്മ ദാനിയേൽ, ഉതിമൂട്ടിൽ, മുണ്ടമല. പി.ഒ | 12500/- | 1169010006536 ഫെഡറൽ ബാങ്ക്, പുറമറ്റം |
| 4 | ശ്രീമതി.ഗ്രേസി ഡാനിയേൽ , കാഞ്ഞിരത്താനവേലിൽ, വെണ്ണിക്കുളം | 12500/- | 67219452534 എസ്.ബി.റ്റി., വെണ്ണിക്കുളം |
| | ആകെ | 50000/- | |

മുകളിൽ സൂചിപ്പിച്ച 4 ഗുണഭോക്താക്കളും അവരുടെ വീട് പുനരുദ്ധാരണം പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റുന്നതിന് വേണ്ട അടിയന്തിര നടപടികൾ അധികൃതർ കൈക്കൊള്ളേണ്ടതാണ്. അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ശൗചാലയ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേര്/ നമ്പർ | സമ്പൂർണ്ണ ശൗചാലയ പദ്ധതി(ജനറൽ) / S0043/17 |
| അടങ്കൽ (വികസന ഫണ്ട്) | 2772000 |
| ചെലവ് | 2763600 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |
| തുക ക്രെഡിറ്റ് ചെയ്തതിന്റെ വിശദാംശം | തുക.7000/- അക്കൗണ്ട് നമ്പർ- 67074599066<br>തീയതി.22-09-2017 |

സമ്പൂർണ്ണ ശൗചാലയ പദ്ധതിപ്രകാരം ശ്രീമതി.സീമ.കെ.ജി.എന്ന ഗുണഭോക്താവ് കക്കൂസിന്റെ നിർമ്മാണം ആരംഭിച്ച് ഒന്നാം ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും (ബിൽ നം.11/16-17 26.09.2017തുക-84000/-) നാളിതുവരെ പണി പൂർത്തീകരിച്ചില്ല. ആയതിനാൽ ടി ഗുണഭോക്താവ് കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റുന്നതിന് അധികൃതർ നടപടികൾ കൈക്കൊള്ളേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ 7000/-രൂപ നിയമാനുസൃത പലിശയുൾപ്പെടെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ഗ്രാമകേന്ദ്രം സ്ഥാപിക്കൽ- ബോർഡ് മാത്രം സ്ഥാപിച്ചു-തുടർ പ്രവർത്തനം നടക്കുന്നില്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേര്/ നമ്പർ | ഗ്രാമകേന്ദ്രം സ്ഥാപിക്കൽ |
| അടങ്കൽ (വികസന ഫണ്ട്) | 33800 |

| | |
|---|---|
| ചെലവ് | 33800 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്ത് 2016-17 വാർഷിക പദ്ധതിയിലെ ഗ്രാമകേന്ദ്രം സ്ഥാപിക്കൽ എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെയും അംഗൻവാടികളിൽ സേവാഗ്രാം എന്ന ബോർഡ് സ്ഥാപിച്ചതിന് 33800/- രൂപ ചെലവഴിച്ചിട്ടുണ്ട്. കോൺട്രാക്ടർ ശ്രീ. പി.കെ കിരൺലാലിന് 33800/- രൂപ ഡി.ഡി. നമ്പർ 786487 തീയതി. 26.09.2016 പ്രകാരം നൽകിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണരംഗത്ത് പൗരശാക്തീകരണത്തിനായി കൂടുതൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പദ്ധതിരൂപീകരണം, പദ്ധതി നടത്തിപ്പ്, ഗുണഭോക്തൃതെരഞ്ഞെടുപ്പ് എന്നീ രംഗങ്ങളിലും ഗ്രാമസഭകളുടെ നടത്തിപ്പിലും കൂടുതൽ ജനപങ്കാളിത്തവും ജനസാന്നിദ്ധ്യവും ഉറപ്പുവരുത്തുന്നതിന് അയൽ സഭകളും വാർഡുവികസന സമിതികളും ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും രൂപീകരിക്കേണ്ടതാണ്. എന്നാൽ ബോർഡുകൾ സ്ഥാപിച്ചതല്ലാതെ 12-ാം പദ്ധതിമാർഗ്ഗരേഖ പ്രകാരം യാതൊരു തുടർപ്രവർത്തനങ്ങളും നാളിതുവരെ നടത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ഉദ്ദേശലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയുന്നില്ല. ആയത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-7 ചേറ്റുതടം സാംസ്കാരിക നിലയം- ഉപയോഗശൂന്യമായ നിലയിൽ

പുറമറ്റം ഗ്രാമ പഞ്ചായത്തിലെ ചേറ്റുതടം സാംസ്കാരിക നിലയം കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് 2008-09ൽ പണികഴിപ്പിച്ചിട്ടുള്ളതും പുറമറ്റം ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം ടി കെട്ടിടത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള യാതൊരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് അധികൃതർ സ്വീകരിച്ചിരുന്നില്ല.

കോയിപ്രം ബ്ളോക്ക് പഞ്ചായത്തിൽ നിന്നും സാംസ്കാരിക നിലയം നടത്തിപ്പിനായി വിവിധ ഉപകരണങ്ങൾ 2010 ൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കിയിരുന്നു. ആയതിൽ 5 ഫാനുകളും 8 ട്യൂബ് സെറ്റും വൈദ്യുതി കണക്ഷൻ ലഭിക്കാതെ തന്നെ സ്ഥാപിച്ചിരുന്നു.

ഓഡിറ്റ് ടീം സാംസ്കാരിക നിലയം ഭൗതിക പരിശോധന നടത്തിയപ്പോൾ ആകെയുണ്ടായിരുന്ന 3 ഷട്ടറുകളിൽ 2 എണ്ണം തുരുമ്പെടുത്ത് ഇളകി പോയതായി ശ്രദ്ധയിൽപ്പെട്ടു. ഇളകി പോയ ഷട്ടറുകളും ഇപ്പോൾ നിലയത്തിലില്ല. കെട്ടിടത്തിന്റെ പിൻവശം കാടുകയറിയ നിലയിലും ജനൽ അഴികൾ തകർന്ന അവസ്ഥയിലുമാണ്. കെട്ടിടത്തിന്റെ മേൽക്കൂരയിൽ പാഴ്ച്ചെടികൾ വളർന്ന് വേരിറങ്ങി ബലക്ഷയം സംഭവിച്ചതായും ട്യൂബുകളും ഫാനുകളും മോഷണം പോയതായും ഉപയോഗശൂന്യമായ ജിം ഉപകരണങ്ങൾ നിലയത്തിൽ സൂക്ഷിച്ചിരിക്കുന്നതായും കാണാൻ കഴിഞ്ഞു. സാംസ്കാരികനിലയം സാമൂഹിക വിരുദ്ധരുടെ താവളമായി മാറിയിരിക്കുന്നതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിന്റെ ആസ്തി പരിപാലനത്തിലുണ്ടായ വീഴ്ച കാരണം സാംസ്കാരിക നിലയ പ്രവർത്തനങ്ങൾ നിഷ്ക്രിയമാകുകയും സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ പരിസരത്ത് പ്രവർത്തിച്ച് വരുന്ന അംഗൻവാടിക്ക് സുരക്ഷാ ഭീഷണി ഉള്ളതായും അറിയാൻ കഴിഞ്ഞു.

നേരിട്ടുള്ള അന്വേഷണത്തിൽ ലഭിച്ച വിവരങ്ങളിൽ നാളിതുവരെ സാംസ്കാരിക നിലയത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല എന്നും പ്രാരംഭ ഘട്ടങ്ങളിൽ കോളനി വാസികൾ വിവാഹം മുതലായ ചടങ്ങുകൾ ഈ നിലയത്തിൽ ജനറേറ്ററിന്റെ സഹായത്താൽ നടത്തിയിരുന്നുവെന്നും അറിയാൻ കഴിഞ്ഞു. സാംസ്കാരിക നിലയത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് സമിതി രൂപീകരിച്ച് വ്യക്തികളെ നിയോഗിക്കാത്തതും യഥാസമയം കെട്ടിടത്തിന്റെ മെയിന്റനൻസ് നടത്താത്തതും മൂലം ഷട്ടറുകൾ തുരുമ്പെടുത്ത് നശിച്ചു പോകുന്നതിനും അതിലുണ്ടായിരുന്ന ഉപകരണങ്ങൾ നഷ്ടപ്പെടുന്നതിനും ഇടയാക്കി. നിലവിൽ യാതൊരു വിധ ഉപകരണങ്ങളും ഇവിടെ ഇല്ല.

വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് മുൻപ് തന്നെ മൈക്ക് സെറ്റ്, ഫാൻ, ട്യൂബ് എന്നിവ സ്ഥാപിച്ച നടപടി ശരിയല്ല. ഉപകരണങ്ങൾ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്തിട്ടില്ല. കൈമാറികിട്ടിയ കെട്ടിടം പഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ശരിയായ രീതിയിൽ സംരക്ഷിക്കുവാനും പൊതുജനങ്ങൾക്ക് ഉപയോഗപ്പെടും വിധം പ്രവർത്തന സജ്ജമാക്കുന്നതിനും മാറി വന്ന ഭരണസമിതികൾ വേണ്ടത്ര ശ്രദ്ധ പുലർത്തിയിരുന്നില്ല. ടി വിഷയത്തിൽ ഭരണ വകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. കെട്ടിടം ഉപയോഗയോഗ്യമാക്കാനുള്ള സത്വര ശ്രമങ്ങൾ പഞ്ചായത്ത് ഭരണസമിതി കൈക്കൊള്ളേണ്ടതാണ്.

## 3-8 പി എം എ വൈ വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

പി എം എ വൈ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് 2016-17 ൽ വി ഇ ഒ കോയിപ്രം ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് അധിക ധനസഹായ വിഹിതമായ 60000/-രൂപ 15.03.2017 ന് 4303000104019609-ാം നമ്പർ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 60000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2016-17 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 152893.70 രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി. എഞ്ചിനിയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | നിർമ്മാണ തൊഴിലാളി ക്ഷേമനിധി |
|---|---|---|---|
| 1. | മേപ്രത്ത് പടി തേക്കുംപടി റോഡ് റീ കോൺക്രീറ്റിംഗ്(78/17) | 175193 | 1752 |
| 2. | കാവുങ്കൽ സെറ്റിൽമെന്റ് കോളനി റോഡ് റീ കോൺക്രീറ്റിംഗ്(69/17) | 172848 | 1728 |
| 3. | അടങ്ങപ്പുറത്ത് പടി താഴത്തേപ്പടി റോഡ് റീ കോൺക്രീറ്റിംഗ്(67/17) | 179327 | 1793 |
| 4. | കവിതാ ജംഗ്ഷൻ പുല്ലേലിമല റോഡ് റീ കോൺക്രീറ്റിംഗ്(76/17) | 179657 | 1797 |
| 5. | കോതകുളം ചേറ്റ് തടം -ഠ.c റോഡ് റീ കോൺക്രീറ്റിംഗ്(78/17) | 359529 | 3595 |
| 6. | മേമല -താബോർപള്ളി പ്പടി റോഡ് റീ കോൺക്രീറ്റിംഗ്(87/17) | 66651 | 667 |
| 7. | പെനിയത്ത് പടി തോണിപ്പാറ റോഡ് റീ കോൺക്രീറ്റിംഗ്(72/17) | 144879 | 1449 |
| 8. | കവുങ്ങും പ്രയാർ -ഇവാഞ്ചലിയ്ക്കൽ ചർച്ച് റോഡ് റീ കോൺക്രീറ്റിംഗ്(96/16) | 645000 | 6450 |
| 9. | കവുങ്ങും പ്രയാർ -ആതുര ശുശ്രൂഷാ റോഡ് റീ കോൺക്രീറ്റിംഗ്(103/17) | 630000 | 6300 |
| 11. | ഗ്യാസ് ഗോഡൗൺ പടി ഇവാഞ്ചലിയ്ക്കൽ പടി റോഡ് റീ കോൺക്രീറ്റിംഗ്(117/17) | 49740 | 497 |
| 12. | ഒലിവ് മല-പുത്തൻകയ്യാലയ്ക്കൽ പടി റോഡ് റീ കോൺക്രീറ്റിംഗ്(74/17) | 179333 | 1793 |

| | | | |
|---|---|---|---|
| 13. | പിച്ചാത്തി കല്ലുങ്കൽ T.M.V റോഡ് റീ കോൺക്രീറ്റിംഗ്(71/17) | 179159 | 1792 |
| 14. | റീത്ത് പള്ളിപ്പടി മങ്ങാട്ടുപടി<br>റോഡ് റീ കോൺക്രീറ്റിംഗ്(95/17) | 109471 | 1095 |
| 15. | 33-ാം നമ്പർ അംഗൻ വാടി മെയിന്റനൻസ്(96/17) | 89893 | 899 |
| 16. | പത്താംവാർഡിലെ അംഗൻവാടിക്ക് ചുറ്റുമതിൽ നിർമ്മാണവും അനുബന്ധ സൗകര്യങ്ങളും(30/17) | 3154364 | 31544 |
| | ആകെ | | 63151 |

തൻ വർഷം ഈടാക്കിയ ക്ഷേമനിധി തുക ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-10 വെള്ളക്കരം

പൊതുടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിന് 2016-17ൽ റോഡിതര മെയിന്റനൻസ് ഫണ്ട് വകയിരുത്തുകയും 1282755/-രൂപ കേരള വാട്ടർഅതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സംയുക്ത പരിശോധന നടത്താതെയാണ് 271 വാട്ടർ ടാപ്പുകൾക്ക് പ്രതിമാസം 5250/- രൂപ നിരക്കിലാണ് വാട്ടർ ചാർജ്ജ് നൽകി വരുന്നത്.തൻമൂലം പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കും തുക നൽകേണ്ടിവരികയും തനത് വരുമാന ചോർച്ചയ്ക്ക് കാരണമാവുകയും ചെയ്യുന്നു. ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് പ്രോജക്ടുകൾ രൂപീകരിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനുതകുന്ന രീതിയിൽ പര്യാപ്തമല്ല.12-ാം പദ്ധതി ആസൂത്രണമാർഗ്ഗരേഖ സ.ഉ.(കൈ) 168/12 തസ്വഭവ തീയതി 15.06.12 പ്രകാരം പൊതുടാപ്പുകളുള്ള കുടിവെള്ളപദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം എന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ ഗാർഹിക കണക്ഷന് പ്രധാന്യം നൽകി, പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. തൻമൂലം ടി ഇനത്തിൽ പഞ്ചായത്തിന്റെ തനത് വരുമാനം നഷ്ടമാകുകയും ചെയ്യുന്നു. ടി വിഷയം പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിൽ താമസംവിനാ ഉചിതമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-11 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

സെക്രട്ടറി വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി 2016-17 വർഷം കെ എസ് ഇ ബി ക്കും കേരള വാട്ടർ അതോറിറ്റിയ്ക്കും വികസന ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ച് ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം വാട്ടർ അതോറിറ്റിയിൽ നിന്നും കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | അംഗൻവാടികളിൽ പൈപ്പ് കണക്ഷൻ((എസ് 0004/2017) | കേരള വാട്ടർ അതോറിറ്റി | ബിൽ നം.<br>4/16-17 തീ. 11.11.2016 | 400000 | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഹോമിയോ ഡിസ്പെൻസറിക്ക് പൈപ്പ് കണക്ഷൻ((എസ് 0005/2017) | കേരള വാട്ടർ അതോറിറ്റി | ബിൽ നം. 11/16-17 തീ. 11.11.2016 | 100000 | “ | “ |
| 3 | ഷോപ്പിംഗ് കോംപ്ളക്സിന് വാട്ടർ കണക്ഷൻ((എസ് 0003/2017) | കേരള വാട്ടർ അതോറിറ്റി | ബിൽ നം. 33/16-17 തീ. 30.03.2017 | 100000 | “ | “ |
| 4 | 38-ാം നമ്പർ അംഗൻവാടിക്ക് വാട്ടർ കണക്ഷൻ((എസ് 0122/2017) | കേരള വാട്ടർ അതോറിറ്റി | ബിൽ നം. 36/16-17 തീ. 30.03.2017 | 20000 | “ | “ |
| 5 | കട്ടച്ചിറ സാംസ്കാരിക നിലയം വൈദ്യുതീകരണം((എസ് 0001/2017) | കേരള വാട്ടർ അതോറിറ്റി | ബിൽ നം. 12/16-17 തീ. 11.11.2016 | 80040 | “ | “ |
| 6 | കാവുങ്കൽ കോളനി പരിശീലന കേന്ദ്രം വൈദ്യുതീകരണം(എസ് 0002/2017) | കേരള വാട്ടർ അതോറിറ്റി | ബിൽ നം. 10/16-17 തീ. 11.11.2016 | 85840 | “ | “ |
| 7 | തെരുവ് വിളക്കുകൾക്ക് കൺട്രോൾ യൂണിറ്റുകൾ സ്ഥാപിക്കൽ(എസ് 0142/2017) | കേരള വാട്ടർ അതോറിറ്റി | ബിൽ നം. 39/16-17 തീ. 30.03.2017 | 169600 | “ | “ |
| 8 | നാലാം വാർഡിലെ സങ്കേതം കോളനിയിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ(എസ് 0027/2017) | കെ എസ് ഇ ബി | ബിൽ നം. 2/16-17 തീ. 16.11.2016 | 46935 | “ | “ |
| 9 | ചിരട്ടമല മുണ്ടമല കമ്പനിമല സ്ട്രീറ്റ് ലൈൻ നീട്ടൽ(എസ് 0134/2017) | കെ എസ് ഇ ബി | ബിൽ നം. 30/16-17 തീ. 16.03.2017 | 52500 | “ | “ |
| | ആകെ | | | 1054915 | | |

പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 1054915/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 മരാമത്ത് പ്രവൃത്തികളിലെ പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തികൾ യഥാസമയം നടപ്പിലാക്കാത്തത് കാരണം ആകെ 37 പ്രോജക്ടുകളിൽ 17 പ്രോജക്ട് മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 46 ശതമാനം പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. ആകെ വകയിരുത്തിയ 12696639 രൂപയിൽ 3040334 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ ചെലവ് ശതമാനം 23.95% മാത്രമാണ്.

ഭൂരിഭാഗം പ്രവൃത്തികളും റീ കോൺക്രീറ്റിംഗ് മാത്രമായിരുന്നു. റോഡുകളുടെ കാലപ്പഴക്കം ചേർക്കുകയോ

റീകോൺക്രീറ്റിംഗ് അനിവാര്യമായ സാഹചര്യങ്ങൾ വ്യക്തമാക്കുകയോ ചെയ്യാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഗുണഭോക്തൃസമിതി കണക്കുകൾ സുതാര്യമല്ല. സിമന്റ് വാങ്ങിയതിന്റെ ബില്ലുകളൊഴികെ നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ മെറ്റൽ, പാറ, മണൽ എന്നിവയുടെ ചെലവുകണക്കുകൾ വെള്ളപേപ്പറിൽ തയ്യാറാക്കിയിട്ടുള്ളതാണ്. മസ്റ്റർ റോളുകളിലെ തൊഴിലാളികളുടെ ഒപ്പുകൾ സുതാര്യമല്ല.

അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരം പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | അടങ്കൽ തുക, ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 75000<br>2016-17 | 75000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഖണ്ഡിക 3-11 ൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| *വായ്പയുടെ പേര്/ഉദ്ദേശ്യം* | *ഉത്തരവ് നമ്പർ/തീയതി* | *വായ്പ തുക* | *വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക* | *തൻവർഷം തിരിച്ചടച്ച തുക* | | *വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക* |
|---|---|---|---|---|---|---|
| | | | | *മുതൽ* | *പലിശ* | |
| ഇ എം എസ് ഭവനവായ്പ | ജി ഒ പി നം.1031/10<br>തീയതി 25/03/2010 | 8505000 | 2732125 | 805000 | ഇല്ല | 1927125 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| *വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം* | *തൻവർഷം നിക്ഷേപിച്ച തുക* | *ആകെ* | *തന്നാണ്ടിൽ പിൻവലിച്ച തുക* | *വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം* |
|---|---|---|---|---|
| ഇല്ല | | | | |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം</u>

| *നിക്ഷേപത്തിന്റെ വിവരം* | *തുക* | *എഫ്.ഡി നം.* |
|---|---|---|

| |
|---|
| ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2012-13 | 3-3(2) | 427 | റിൻസി തോമസ്, വാർഡ് മെമ്പർ-6 | 11602100696, 14/06/2016 |
| -ടി- | -ടി- | 427 | ശ്രീവത്സൻ, അസിസ്റ്റന്റ് എഞ്ചിനിയർ | 11602100569, 06/06/2016 |
| -ടി- | -ടി- | 427 | ഷീലാ സ്കറിയ, വാർഡ് മെമ്പർ | 11602100568, 06/06/2016 |
| -ടി- | -ടി- | 427 | ഗോപി പി റ്റി, വാർഡ് മെമ്പർ-13 | 11602100566, 04/06/2016 |
| -ടി- | -ടി- | 427 | സാബു ബഹന്നാൻ, വാർഡ് മെമ്പർ-9 | 11602100565, 04/06/2016 |
| -ടി- | -ടി- | 427 | ജോളി ജോൺ, വാർഡ് മെമ്പർ | 11602100541, 02/06/2016 |
| -ടി- | -ടി- | 427 | ലാലു തോമസ്, വാർഡ് മെമ്പർ | 11602100540, 02/06/2016 |
| -ടി- | -ടി- | 427 | റെനി സനിൽ, വാർഡ് മെമ്പർ-5 | 11602100502, 27/05/2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 34434292 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30168508 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1228915 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക<br>സർചാർജ്ജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നം.* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-1 | 114000 | ശ്രീ.കെ.വി.രാധാകൃഷ്ണൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 60000 | ശ്രീ.ജിജേഷ് വി.സി, വി. ഇ. ഒ. |
| 3-11 | 712815<br>342100 | ശ്രീ.ജയകുമാർ, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ്<br>ശ്രീ.കെ.വി. രാധാകൃഷ്ണൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| ആകെ | 1228915 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയകുമാർ എം, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, നെടുവത്തൂർ ഗ്രാമ പഞ്ചായത്ത്, കൊല്ലം ജില്ല | കിഴക്കേ ചെമ്പകശ്ശേരിൽ<br>തെക്കേച്ചേരി<br>കാഞ്ഞാവിള പി. ഒ.<br>പ്രാക്കുളം<br>കൊല്ലം |
| കെ.വി. രാധാകൃഷ്ണൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>പെരിങ്ങര ഗ്രാമ പഞ്ചായത്ത് | കക്കാട്ട് തെക്കേതിൽ<br>വെൺപാല പി. ഒ.<br>തിരുവല്ല |
| ജിജേഷ്, വി. ഇ. ഒ. | വി.ഇ.ഒ, പുറമറ്റം ഗ്രാമ പഞ്ചായത്ത് | സുമ ഭവൻ<br>വരിഞ്ഞം<br>അറുത്തല പി ഒ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി7-1040/07 തീയതി:20.01.10 |
| 1998-99(DCB) | എൽ.എഫ്.പി.റ്റി.എ/പി5-445/11 തീയതി:19.08.13 |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി7-21/2010 തീയതി:20.01.10 |

| | |
|---|---|
| 1999-00(DCB) | എൽ.എഫ്.പി.റ്റി.എ/പി5-445/11 തീയതി:19.08.13 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ/ പി7-21/10 തീയതി:20.01.10 |
| 2000-01 (DCB) | എൽ.എഫ്.പി.റ്റി.എ/ പി5-779/11 തീയതി:27.0.11/23.11.13 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/-പി7-21/10 തീയതി:20.01.10 |
| 2001-02 വരവ് | എൽ.എഫ്.പി.റ്റി.എ/പി5-780/11 തീയതി:27.06.11/07.12.13 |
| 2001-02(ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി3-724/05 തീയതി:19.03.07 |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി5-538/07 തീയതി:01.06.11 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി7-355/10 തീയതി:17.12.11/02.01.12 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി7-356/10തീയതി:10.02.12/01.03.12 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി5-1094/11തീയതി:19.03.14/06.06.14 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി5-402/12തീയതി:16.04.14/06.06.14 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-8-403/12തീയതി:19.03.14/09.05.14 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-8-404/12തീയതി:26.04.14/06.06.14 |

| | |
|---|---|
| | |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-8-405/12തീയതി:05.07.13/02.04.14 |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി-8-406/12തീയതി:06.08.14/04.10.14 |
| 2011-12, 12-13 | എൽ.എഫ്.പി.റ്റി.എ/പി-8-149/14തീയതി:24.04.14/14.11.14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി-8-572/15തീയതി:07.07.15/08.07.15 |
| 2014-15 | എൽ.എഫ്.പി.റ്റി.എ/പി-7-749/16തീയതി:16.07.16 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ/പി8/53/17 തീയതി: 06.02.2017 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

**1**

## അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി8 1117/2017 തീയതി 03-10-2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2016-17വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## 2

# Annexure-2

AUDIT CERTIFICATE

No.KSAPTA.P8-1117/2017 Dated 03-10-2017

Certified that I have Audited the Annual Financial Statement of Puramattom Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Puramattom Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta